U5-

# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.900 08.01.2014-ൽ മറുപടിക്ക്**

## കടിവെള്ളക്ഷാമം നേരിടുന്നതിന് കൈക്കൊണ്ട മുൻകരുതലുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)<br>ശ്രീ.ജെയിംസ് മാത്യൂ<br>ശ്രീമതി.കെ.കെ.ലതിക<br>ശ്രീ.എം.ഹംസ | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കഴിഞ്ഞവർഷത്തെ വരൾച്ചയുടെ പശ്ചാത്തലത്തിൽ കുടിവെള്ള ക്ഷാമം നേരിടുന്നതിനായി കൈക്കൊണ്ടിട്ടുള്ള മുൻകരുതൽ നടപടികൾ വിശദമാക്കാമോ ; | (എ) വേനൽക്കാല ജലശോഷണം കണക്കിലെടുത്ത്, കടുത്ത കുടിവെള്ള ക്ഷാമം നേരിടുന്ന സ്ഥലങ്ങളിൽ, അത് തരണം ചെയ്യുന്നതിനായി ധനലഭ്യതയ്ക്കനുസൃതമായി താഴെ പ്പറയുന്ന നടപടികൾ വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു.<br>1. ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം.<br>2. കേടായ പമ്പ് സെറ്റുകളുടെ അറ്റകുറ്റപ്പണികൾ<br>3.പമ്പ് സെറ്റുകൾ മാറ്റിവയ്ക്കുന്ന പണികൾ.<br>4. വാട്ടർ ലൈനുകളിലുള്ള ലീക്കുകൾ മാറ്റുക.<br>5. സാങ്കേതികമായി സാധ്യമായ സ്ഥലങ്ങളിൽ ജലത്തിന്റെ ലഭ്യത അനുസരിച്ച് പൈപ്പ് |

ലൈനുകൾ നീട്ടുക

6. തകരാറിലായ പൈപ്പ ലൈനുകൾ മാറ്റുക.

7. ഡൈവർഷൻ ചാനലുകൾ മുഖേന നീരൊഴുക്ക വർദ്ധിപ്പിക്കുകയും സ്രോതസ്സുകളിലേക്ക് തിരിച്ചു വിടുകയും ചെയ്യുക

8. ഇൻഫിൽ ട്രേഷൻ ഗാലറി, കിണറുകൾ, കുളങ്ങൾ എന്നിവ വൃത്തിയാക്കുകയും, കുഴൽകിണറുകൾ ഫ്ളഷ് ചെയ്യുകയും ചെയ്യുക.

9. വാൽവുകൾ നിയന്ത്രിച്ചും, പമ്പിംഗ് സമയം ക്രമീകരിച്ചും നിശ്ചിതസമയം കുടിവെള്ളം നൽകുക മുതലായവ.

മാത്രമല്ല അത്യാവശ്യഘട്ടങ്ങളിൽ ജില്ലാ ഭരണകൂടം മുഖാന്തിരം ലഭിക്കുന്ന ടാങ്കർ ലോറികളിൽ ജലവിതരണം നടത്തുന്നതിനുള്ള സംവിധാനം നടപ്പിലാക്കുന്നുണ്ട്. ജലലഭ്യത കുറവുള്ള സ്ഥലങ്ങളിൽ സ്രോതസ്സുകളുടെ ജലനിരപ്പ് ഉയർത്തുന്നതിനായി താത്ക്കാലിക തടയണകൾ നിർമ്മിച്ചു കൊണ്ട് കുടിവെള്ള ക്ഷാമം പരിഹരിക്കാൻ സാധിക്കുന്നു.

| | | | |
|---|---|---|---|
| (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം ആവിഷ്കരിച്ച് പൂർത്തീകരിച്ച കുടിവെള്ള പദ്ധതികൾ ഏതൊക്കെ യെന്ന് അറിയിക്കാമോ; അവയ്ക്കായി ചെലവഴിച്ച തുകയെത്ര; | (ബി) | ഈ സർക്കാർ അധികാര മേറ്റശേഷം ആവിഷ്കരിച്ചതും പൂർത്തീകരിച്ചതുമായി കുടിവെള്ള പദ്ധതികൾ മേഖല പ്രകാരം താഴെ കൊടുത്തിരിക്കുന്നു.<br>ദക്ഷിണ മേഖല - 449.27 ലക്ഷം രൂപ ( 9 പദ്ധതികൾ) |

| | |
|---|---|
| | മദ്ധ്യമേഖല - 693.06 ലക്ഷം രൂപ ( 9 പദ്ധതികൾ)<br>ഉത്തരമേഖല - 895.31 ലക്ഷം രൂപ ( 15 പദ്ധതികൾ) |
| (സി) ശുദ്ധജലവിതരണ പദ്ധതികൾക്കായി 2013-14 ബഡ്ജറ്റിൽ പ്രഖ്യാപിച്ച 849 കോടി രൂപയിൽ നാളിതുവരെ എന്തു തുക ചെലവഴിച്ചുവെന്നും ഏതൊക്കെ പദ്ധതികൾക്കായാണ് വിനിയോഗിച്ചതെന്നും അവയുടെ നിലവിലെ അവസ്ഥയും വിശദമാക്കാമോ? | (സി) ശുദ്ധജലവിതരണ പദ്ധതികൾക്കായി 2013-14 ബജറ്റിൽ 852.45 കോടി രൂപയാണ് വകകൊള്ളിച്ചിട്ടുള്ളത്. ഇതിൽ 649.30 കോടി രൂപ പ്ലാൻ പദ്ധതികൾക്കുള്ളതാണ്. ടി പദ്ധതികൾക്കായി നാളിതുവരെ 289.937 കോടി രൂപ ചെലവഴിച്ചു. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ